# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നമ്പർ: 49  11.12.2012 ലെ മറുപടിക്ക്

### റെയിൽവേ ബോഗികളുടെ അറ്റകുറ്റ പണികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.കെ.സദാശിവൻ:<br>,, എം.ചന്ദ്രൻ:<br>ശ്രീമതി. പി. അയിഷാ പോറ്റി:<br>ശ്രീ. ബാബു എം. പാലിശ്ശേരി: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് റെയിൽവേ ബോഗികളുടെ അറ്റകുറ്റ പണികൾ നടത്തുന്നതിന് ഇപ്പോഴുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | ബോഗികളുടെ പീരിയോഡിക് ഓവർഹോളിംഗിനായി സംസ്ഥാനത്ത് സൗകര്യം ലഭ്യമല്ല. എന്നാൽ ഇന്റർമീഡിയറ്റ് ഓവർഹോളിംഗിന് സൗകര്യം തിരുവനന്തപുരം, നാഗർകോവിൽ, എറണാകുളം എന്നിവിടങ്ങളിൽ ഒരുക്കിയിട്ടുണ്ട്. |
| (ബി) & (സി) | പാലക്കാട്, തിരുവനന്തപുരം ഡിവിഷനുകളിൽ നിന്നും അറ്റകുറ്റപണികൾക്കായി തമിഴ്നാട്ടിലേക്ക് അയക്കുന്ന കോച്ചുകൾക്ക് പകരം പഴകിയതും തകരാറുള്ളവയുമായ കോച്ചുകളാണ് തിരിച്ചുകിട്ടുന്നത് എന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരോ പാലക്കാട്, തിരുവനന്തപുരം ഡിവിഷൻ അധികൃതരോ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകളിലെ ബോഗികൾ ചിലതെല്ലാം കാലപ്പഴക്കം ചെന്നവയും തുരുമ്പെടുത്ത് ഉപയോഗ്യമല്ലാത്ത വയുമാണെന്നും ദീർഘദൂര ട്രെയിനുകളിലെ ബോഗികളുടെ അവസ്ഥയും പലപ്പോഴും ശോചനീയമാണെന്നും സംസ്ഥാനത്ത് ഉപയോഗിക്കുന്ന ബോഗികളിൽ 70%നുമേൽ 25കൊല്ലത്തിലധികം പഴക്കമുള്ളവയാണെന്നും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ബോഗികൾ റിപ്പയർ ചെയ്യുന്നതിനായുള്ള പീരിയോഡിക് ഓവർ ഹോളിംഗ് സൗകര്യം സംസ്ഥാനത്ത് ഇല്ലാത്തതിനാൽ ബോഗികൾ റിപ്പയറിംഗിനായി ചെന്നൈയിലേക്ക് അയയ്ക്കുമ്പോൾ അവിടെ നിന്നും ലഭിക്കുന്നവ പലപ്പോഴും വൃത്തിയില്ലാത്തതും കാലപ്പഴക്കം |

| | | | |
|---|---|---|---|
| | | | ചെന്നവയുമാണെന്നും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആലപ്പുഴ പാസ്സഞ്ചർ ട്രെയിനിന്റെ ബോഗിക്ക് സംഭവിച്ച അപകടത്തിന്റെ വെളിച്ചത്തിൽ ഇക്കാര്യങ്ങളിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തിരമായി പരിഗണിക്കണമെന്ന് കേന്ദ്ര റയിൽവേ മന്ത്രിയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്.<br><br>(i) 25 കൊല്ലത്തിലധികം പഴക്കമുള്ള എല്ലാ ബോഗികളും ഘട്ടം ഘട്ടമായി 5 കൊല്ലത്തിനകം മാറ്റണമെന്നും;<br>(ii) തിരുവനന്തപുരത്തേയും എറണാകുളത്തേയും റിപ്പയർ സൗകര്യങ്ങൾ പ്രധാന റിപ്പയറുകൾ ചെയ്യുവാനുതകുന്ന രീതിയിൽ വിപുലപ്പെടുത്തണമെന്നും;<br>(iii) റിപ്പയറിനും മെയിന്റനൻസിനുമായി ആവശ്യത്തിന് ആളുകളെ നിയമിക്കണമെന്നും;<br>(iv) കോച്ചുകൾ വൃത്തിയാക്കാനായി കൂടുതൽ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്ത ണമെന്നും. |
| (ഡി) | അറ്റകുറ്റപണികൾക്കായി അയക്കുന്ന കോച്ചുകൾ തന്നെ യഥാസമയം തിരിച്ച ലഭിക്കാത്തതുമൂലം സംസ്ഥാനത്ത് കോച്ചുകളുടെ ക്ഷാമം നേരിടുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | ഇതിനു പരിഹാരമായി സംസ്ഥാനത്തുതന്നെ ഒരു റെയിൽവേ വർക്ക്ഷോപ്പ് ആരംഭിക്കുന്നതിനാവശ്യമാ യ നടപടി സ്വീകരിക്കുമോ? | (ഇ) | ബോഗികളുടെ പീരിയോഡിക് ഓവർ ഹോളിംഗിനായി സംസ്ഥാനത്ത് സൗകര്യം ഏർപ്പെടുത്തുന്ന കാര്യം സംസ്ഥാന സർക്കാർ കേന്ദ്ര റയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ